**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4314** **06-03-2023 - ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ലോട്ടറി വകുപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | പത്ത് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ക്രമക്കേടുകളുടെ പേരിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; ഓരോ കേസിലും എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | 1) 2016-ൽ മേലധികാരിയുടെ മുൻകൂർ അനുമതിയില്ലാതെ ചേർത്തലയിലെ ലോട്ടറി ഔട്ട്ലെറ്റ് അടച്ചു പൂട്ടിയത് സംബന്ധിച്ച്. ഇതിൽ സാമ്പത്തിക ക്രമക്കേട് ഉൾപ്പെട്ടിരുന്നില്ല.<br><br>2)2017-ൽ ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സ്ത്രീശക്തി (SS-52) ഭാഗ്യക്കുറിയുടെ അന്തിമ കണക്കുകൾ തയ്യാറാക്കുന്നതിൽ സംബന്ധിച്ച്. സർക്കാരിനുണ്ടായ 36,000/- രൂപയുടെ നഷ്ടം ജീവനക്കാരിൽനിന്നും ഭാഗ്യക്കുറി ഏജന്റിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്.<br><br>3) 2018-ൽ ടിക്കറ്റ് വിതരണത്തിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏജന്റുമാരുടെ ക്ലബ്ബ് ചെയ്തിരുന്ന ടിക്കറ്റുകൾ വിഭജിച്ചു നല്കിയതുമായി ബന്ധപ്പെട്ട്. ഈ കേസിൽ സാമ്പത്തിക ക്രമക്കേട് ഉൾപ്പെട്ടിരുന്നില്ല.<br><br>4)14.08.2019 ന് നറുക്കെടുപ്പ് നിശ്ചയിച്ചിരുന്ന അക്ഷയ (AK 408) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ വില്പനയ്ക്ക് ശേഷം തിരിച്ചെടുത്ത് പകരം പൗർണ്ണമി (RN 404) ഭാഗ്യക്കുറിയുടെ 6,000 ടിക്കറ്റുകൾ നല്കിയത് സംബന്ധിച്ച്. ഇതിൽ സർക്കാരിന് നഷ്ടമായ 1,80,000/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഭാഗ്യക്കുറി ഏജന്റിൽനിന്നും തിരികെ ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5) തിരൂർ ഭാഗ്യക്കുറി സബ് ഓഫീസിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്റ്റോക്കിൽ 22,000 ടിക്കറ്റുകൾ കുറവ് വന്നതുമായി ബന്ധപ്പെട്ട്. പ്രസ്തുത ടിക്കറ്റുകളുടെ വില ടി ടിക്കറ്റുകൾ കൊണ്ടുപോയ ഏജന്റ് ഒടുക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | അക്ഷയ (AK 408) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ വില്പനയ്ക്ക് ശേഷം തിരിച്ചെടുത്ത് പകരം പൗർണ്ണമി (RN 404) ഭാഗ്യക്കുറിയുടെ 6,000 ടിക്കറ്റുകൾ നല്കിയതിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ക്രമക്കേടുകളിൽ പോലീസ് അന്വേഷണം നടത്തിയ കേസുകൾ ഏതെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | (ഡി) | അക്ഷയ (AK 408) ഭാഗ്യക്കുറിയുടെ 6000 ടിക്കറ്റുകൾ വില്പനയ്ക്ക് ശേഷം തിരിച്ചെടുത്ത് പകരം പൗർണ്ണമി (RN 404) ഭാഗ്യക്കുറിയുടെ 6,000 ടിക്കറ്റുകൾ നല്കിയതിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ